# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 4638 04.02.2014- ൽ മറുപടിക്ക്**

## തലശ്ശേരി മണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിലെ ഏതൊക്കെ റോഡുകളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെ പറയുന്ന റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.<br>1. തലശ്ശേരി നാദാപുരം റോഡ്<br>2. കുയ്യാലി കൊളശ്ശേരി റോഡ്<br>3. തലശ്ശേരി കോടിയേരി റോഡ്<br>4. തലശ്ശേരി കൂർഗ്ഗ് റോഡ്<br>5. മാഹിപ്പാലം ചൊക്ലി റോഡ്<br>6. പാറാൽ പുന്നോൽ റോഡ്<br>7. കതിരൂർ നാദാപുരം റോഡ്<br>8. കതിരൂർ കാളിയിൽ റോഡ്<br>9. മഞ്ഞോടി കോപ്പാലം താഴെചമ്പാട് റോഡ് |
| (ബി) | ഓരോ നിവേദനത്തിന്മേലും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) | 1.തലശ്ശേരി നാദാപുരം റോഡ്- പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>2. കുയ്യാലി കൊളശ്ശേരി റോഡ് - ഈ റോഡ് പുനരുദ്ധാരണം നടത്തുന്നതിനുവേണ്ടി 510 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് 2014-15 ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>3.തലശ്ശേരി കോടിയേരി റോഡ്-ഈ റോഡ് പുനരുദ്ധാരണം നടത്തുന്നതിനുവേണ്ടി 839 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി സമർപ്പിച്ച എസ്റ്റിമേറ്റ്, 2014-15 ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എൻജിനിയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>4.തലശ്ശേരി കൂർഗ്ഗ് റോഡ്- ഈ റോഡിന്റെ പുനരുദ്ധാരണം കെ.എസ്.ടി.പി. മുഖേന നടപ്പിലാക്കി വരുന്നു.<br>5. മാഹിപ്പാലം ചൊക്ലി റോഡ്- ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുള്ള ടെണ്ടർ അംഗീകരിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

6. പാറാൽ പുന്നോൽ റോഡ് -പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

7. കതിരൂർ നാദാപുരം റോഡ് -ഈ റോഡിന്റെ 3 ഭാഗങ്ങളിൽ 25 ലക്ഷം രൂപ വീതം അടങ്കൽ തുക വരുന്ന എസ്.ഡി.ബി.സി ചെയ്യുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

8. കതിരൂർ കാളിയിൽ റോഡ് ഈ റോഡിന്റെ പുനരുദ്ധാരണത്തിനായി മൂന്ന് ഭാഗങ്ങളായി തിരിച്ച് 54 ലക്ഷം രൂപയുടെ നിർദ്ദേശം [illegible] ഭരണ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

9. മഞ്ഞോടി കോപ്പാലം താഴെചമ്പാട് റോഡ്-മഞ്ഞോടി മുതൽ കോപ്പാലം വരെ എസ്.ഡി.ബി.സി ചെയ്യുന്നതിനായി 50 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(vi) പ്രസ്തുത നിവേദനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ഓരോ പദ്ധതിക്കും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ടെന്നും എന്ത് തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

(vi) **നീക്കിവെച്ച തുക**

1. കയ്യാലി കൊളശ്ശേരി റോഡ് തുക നീക്കിവച്ചിട്ടില്ല
2. തലശ്ശേരി കോടിയേരി റോഡ് തുക നീക്കിവച്ചിട്ടില്ല
3. മാഹിപ്പാലം ചൊക്ലി റോഡ് - 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
4. പാറാൽ -പുന്നോൽ റോഡ് - പണി പൂർത്തീകരിച്ചു
5. കതിരൂർ -നാദാപുരം റോഡ് - 75 ലക്ഷം രൂപ
6. കതിരൂർ -കാളിയിൽ റോഡ് - തുക നീക്കി വച്ചിട്ടില്ല
7. മഞ്ഞോടി -കോപ്പാലം -താഴെചമ്പാട് റോഡ് - 50 ലക്ഷം രൂപ

**ചെലവഴിച്ച തുക**

പാറാൽ പുന്നോൽ റോഡ് -1,01,81,771/- രൂപ

സെക്ഷൻ ഓഫീസർ